ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി & സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

ഹജ്ജ് യാത്രയ്ക്ക് ക്രമീകരണങ്ങൾ

159 (6077) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ൽ ഹജ്ജ് സംബന്ധമായി കേരളത്തിൽ നടത്തിവരുന്ന ക്രമീകരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഹാജിമാരെ അനുഗമിക്കുന്ന വാളണ്ടിയർമാരെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്നറിയിക്കുമോ ;

(സി) വാളണ്ടിയർമാരെ തെരഞ്ഞെടുക്കുന്ന നടപടിക്രമം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹജ്ജ് 2010 സംബന്ധമായി താഴെ വിവരിച്ചിട്ടുള്ള ക്രമീകരണങ്ങൾ നടത്തുന്നുണ്ട് :

(1) ഹജ്ജ് തീർത്ഥാടകർക്ക് പ്രതിരോധ കുത്തിവെയ്പ്പിനുള്ള സംവിധാനം എല്ലാ താലൂക്ക്-ജില്ലാ ആശുപത്രികളിലും ഏർപ്പെടുത്തുന്നുണ്ട്.

(2) ഹജ്ജ് തീർത്ഥാടകർക്ക് ജില്ലാ അടിസ്ഥാനത്തിൽ സാങ്കേതിക ഹജ്ജ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതാണ്.

(3) ഹജ്ജ് തീർത്ഥാടകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിന് ഹജ്ജ് ഗൈഡ് മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

(4) ഹാജിമാരുടെ സേവനത്തിനായി പതിനാല് ഹജ്ജ് വാളണ്ടിയർമാരെ സംസ്ഥാന സർക്കാർ സൗദി അറേബ്യയിലേക്ക് തെരഞ്ഞെടുത്തയക്കുന്നുണ്ട്.

(5) ഹജ്ജ് തീർത്ഥാടകർക്ക് യാത്രാരേഖകളും മറ്റും കൈമാറുന്നതിനും മറ്റു നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനുമായി സർക്കാർ ഉദ്യോഗസ്ഥന്മാരുടെ സെൽ രൂപീകരിക്കുന്നതാണ്.

(6) കേരളത്തിന് അനുവദിച്ച ഹജ്ജ് ക്വാട്ട വർദ്ധിപ്പിക്കുവാനും ഹജ്ജ് യാത്രയ്ക്കായി വലിയ വിമാനങ്ങൾ അനുവദിക്കുവാനും കേന്ദ്ര ഹജ്ജ് കമ്മിറ്റിയോടും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(7) ഹാജിമാർക്ക് താമസിക്കുവാനുള്ള കെട്ടിടങ്ങൾ തെരഞ്ഞെടുക്കുവാനായി കേരള സർക്കാർ ഒരു ഉദ്യോഗസ്ഥനെ ബി.എസ്.ടി. മെമ്പറായി സൗദിയിലേയ്ക്ക് അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(8) കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് ഡോക്ടർമാർ, പാരാമെഡിക്കൽ എന്നിവരുടെ സേവനം പുണ്യസ്ഥലങ്ങളിൽ നൽകുന്നതിന് ജീവനക്കാരെ നിയോഗിക്കുന്നതാണ്.

(ബി) മാതൃഭാഷക്കു പുറമേ അറബി, ഹിന്ദി, ഉറുദു, ഇംഗ്ലീഷ് എന്നീ ഭാഷകൾ കൈകാര്യം ചെയ്യുവാൻ അറിയാവുന്നവരും ആരോഗ്യദൃഢഗാത്രരും ഹജ്ജ് സംബന്ധമായ കാര്യങ്ങളിൽ അറിവുള്ളവരും ഹജ്ജ് സാങ്കേതിക ക്ലാസ്സുകളിലൂടെ ട്രെയിനിംഗ് ലഭിച്ചവരുമായ മുസ്ലീം ഉദ്യോഗസ്ഥരെയാണ് ഹജ്ജ് വാളണ്ടിയർമാരായി തെരഞ്ഞെടുത്തയക്കുന്നത്.

(സി) കേന്ദ്ര വിദേശകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം, സംസ്ഥാന ഹജ്ജ് കമ്മിറ്റി പത്രമാധ്യമങ്ങളിലൂടെ യോഗ്യതയുള്ള മുസ്ലീം ഉദ്യോഗസ്ഥരിൽ നിന്ന് അപേക്ഷ ക്ഷണിച്ച് ഇവരിൽ നിന്നും ഇന്റർവ്യൂ നടത്തി യോഗ്യതയ്ക്കനുസരിച്ചാണ് ഹജ്ജ് വാളണ്ടിയർമാരെ തെരഞ്ഞെടുക്കുന്നത്.

കേന്ദ്ര വഖഫ് നിയമ ഭേദഗതി

160 (6078) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തെ വിവിധ വഖഫ് ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും വഖഫ് സ്വത്തുകൾ അന്യാധീനപ്പെട്ടുപോകുന്നത് തടയുന്നതിനുമായി കേന്ദ്ര വഖഫ് നിയമം ഈയിടെ ഭേദഗതി ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) വഖഫ് ബോർഡുകളുടെ രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്ര വഖഫ് നിയമം ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന വഖഫ് ബോർഡ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) വഖഫ് ബോർഡുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ആവിഷ്ക്കരിച്ച പദ്ധതിയിൻ കീഴിൽ സംസ്ഥാന വഖഫ് ബോർഡിലും കമ്പ്യൂട്ടർവൽക്കരണ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly